"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പ്ലാൻ സ്കീം 2024-25 - തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിലെ വാഴിച്ചൽ വില്ലേജ് ഓഫീസിന് അനുവദിച്ച ഭരണാനുമതി നെയ്യാറ്റിൻകര താലൂക്കിലെ പാറശ്ശാല വില്ലേജ് ഓഫീസിനും, നെടുമങ്ങാട് താലൂക്കിലെ കുറുപുഴ വില്ലേജ് ഓഫീസിന് അനുവദിച്ച ഭരണാനുമതി നെടുമങ്ങാട് താലൂക്കിലെ പനവൂർ വില്ലേജ് ഓഫീസിനും മാറ്റി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1483/2026/RD തീയതി,തിരുവനന്തപുരം, 02-08-2026

---

പരാമർശം:-

1. 24.01.2025 തീയതിയിലെ സ.ഉ. (സാധാ)നം.197/2025/RD നമ്പർ സർക്കാർ ഉത്തരവ്.
2. 11.02.2025 തീയതിയിലെ സ.ഉ. (സാധാ)നം.335/2025/RD നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 24.03.2026, 16.04.2026 എന്നീ തീയതിയിലെ LR/855/2025-LR(M2) നമ്പർ കത്ത്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 16.04.2026 തീയതിയിലെ LR/855/2025-LR(M2) നമ്പർ കത്ത്.

**ഉത്തരവ്**

2024-25 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി പരാമർശം 2 പ്രകാരം തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ വാഴിച്ചൽ വില്ലേജ് ഓഫീസിനെയും പരാമർശം 1 പ്രകാരം നെടുമങ്ങാട് താലൂക്കിലെ കുറുപുഴ വില്ലേജ് ഓഫീസിനെയും തെരെഞ്ഞെടുത്ത് ഉത്തരവായിരുന്നു.

2] വാഴിച്ചൽ വില്ലേജ് ഓഫീസിൽ വാട്ടർ കണക്ഷൻ എടുക്കുന്നതിനും, മേൽക്കൂര ഷീറ്റിട്ട് സംരക്ഷിക്കുന്നതിനും, കെട്ടിടത്തിലെ റീ വയറിംഗിനുമായി 2022-23 സാമ്പത്തിക വർഷം 6,52,000/- രൂപയും, വാഴിച്ചൽ വില്ലേജ് ഓഫീസ് നവീകരണത്തിനായി 2024-25 സാമ്പത്തിക വർഷം 2,00,000/- രൂപയും അനുവദിച്ചിരുന്നതും ടി പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുള്ളതാണെന്നും നിലവിൽ വാഴിച്ചൽ വില്ലേജ് ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കേണ്ട ആവശ്യകത ഇല്ലെന്നും, നവീകരണം നടത്തി സ്മാർട്ടാക്കി മാറ്റുന്നതാകും ഉചിതമെന്നതിനാൽ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി പരാമർശം 2 പ്രകാരം വാഴിച്ചൽ വില്ലേജ് ഓഫീസിന് അനുവദിച്ച ഭരണാനുമതി പാറശ്ശാല വില്ലേജ് ഓഫീസിന് മാറ്റി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും തിരുവനന്തപുരം ജില്ലാകളക്ടർ അപേക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ, തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ വാഴിച്ചൽ വില്ലേജ് ഓഫീസിന് (പാറശ്ശാല നിയോജക മണ്ഡലം) അനുവദിച്ച

ഭരണാനുമതി നെയ്യാറ്റിൻകര താലൂക്കിലെ പാറശ്ശാല വില്ലേജിന് (പാറശ്ശാല നിയോജക മണ്ഡലം) മാറ്റി അനുവദിക്കണമെന്ന് പരാമർശം 3-ലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

3] കൂടാതെ, നിലവിൽ കുറുപുഴ വില്ലേജ് ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന നെടുമങ്ങാട് താലൂക്കിലെ കുറുപുഴ വില്ലേജിലെ ബ്ലോക്ക് നം.15 ൽ റീസർവ്വേ നം. 140/9 ൽ 04.05 ആർ സർക്കാർ പുറമ്പോക്ക് വസ്തുവിൽ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനായി 7 അടിയോളം താഴ്ചയിൽ മണ്ണ് നീക്കം ചെയ്യേണ്ടതുണ്ടെന്നും, റോഡിനോട് ചേർന്ന് റീട്ടെയിനിംഗ് വാൾ നിർമ്മിക്കേണ്ടതുണ്ടെന്നും കൂടാതെ റീട്ടെയിനിംഗ് വാൾ നിർമ്മിച്ച ശേഷം മാത്രമേ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം ആരംഭിക്കുവാൻ കഴിയുകയുള്ളൂ എന്നതിനാലും, ഭരണാനുമതി തുക ഉപയോഗിച്ച് റീട്ടെയിനിംഗ് വാൾ കൂടി നിർമ്മിക്കുന്നതിന് സാധിക്കാത്തതിനാലും കുറുപുഴ വില്ലേജ് ഓഫീസ് നിർമ്മാണത്തിന് അനുവദിച്ച ഭരണാനുമതി വാമനപുരം നിയോജക മണ്ഡലത്തിലെ പനവൂർ വില്ലേജ് ഓഫീസിന് മാറ്റി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും തിരുവനന്തപുരം ജില്ലാകളക്ടർ അപേക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ കുറുപുഴ വില്ലേജ് ഓഫീസിന് (വാമനപുരം നിയോജക മണ്ഡലം) സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് അനുവദിച്ച ഭരണാനുമതി നെടുമങ്ങാട് താലൂക്കിലെ പനവൂർ വില്ലേജ് ഓഫീസിന് (വാമനപുരം നിയോജക മണ്ഡലം) മാറ്റി അനുവദിക്കണമെന്ന് പരാമർശം 4-ലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

4] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി തിരഞ്ഞെടുത്ത തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ വാഴിച്ചൽ വില്ലേജ് ഓഫീസിന് (പാറശ്ശാല നിയോജക മണ്ഡലം) അനുവദിച്ച ഭരണാനുമതി നെയ്യാറ്റിൻകര താലൂക്കിലെ പാറശ്ശാല വില്ലേജ് ഓഫീസിന് (പാറശ്ശാല നിയോജക മണ്ഡലം) മാറ്റി അനുവദിച്ചും, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ കുറുപുഴ വില്ലേജ് ഓഫീസിന് (വാമനപുരം നിയോജക മണ്ഡലം) അനുവദിച്ച ഭരണാനുമതി നെടുമങ്ങാട് താലൂക്കിലെ പനവൂർ വില്ലേജ് ഓഫീസിന് (വാമനപുരം നിയോജക മണ്ഡലം) മാറ്റി അനുവദിച്ചും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAM KUMAR C R
അഡീഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Sheeba V R
Date: 03-08-2026
11:57:52

സെക്ഷൻ ഓഫീസർ